കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

ഹരിതദളം

പുസ്തകം 11 | ലക്കം 4 | മേയ് 30 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

4 കോടി രൂപയുടെ വ്യാപാര കരാറുകൾ ഒപ്പുവെച്ച് കരപ്പുറം കാർഷിക ബിസിനസ് മീറ്റ്

6 കവിതയുടെ വിത്ത് പാകിയ കാർഷിക മേള: വയലാർ ശരത് ചന്ദ്ര വർമ്മ

8 കാർഷിക സെമിനാറുകളും കലാപരിപാടികളും സംഘടിപ്പിച്ചു

# കാർഷിക വൈവിദ്ധ്യങ്ങളുടെ നേർക്കാഴ്ചയൊരുക്കി കരപ്പുറം കാർഷിക കാഴ്ചകൾ



കൃഷിവകുപ്പ് മന്ത്രി നയിക്കുന്ന കരപ്പുറം കാർഷിക കാഴ്ചകൾ എന്ന പരിപാടിയോട് അനുബന്ധിച്ച് ചേർത്തല സെന്റ് മൈക്കിൾ കോളേജിൽ സംഘടിപ്പിച്ചിട്ടുള്ള കാർഷിക പ്രദർശനം കാണുവാൻ ജനങ്ങൾക്കിടയിൽ പ്രിയമേറുന്നു. കാർഷിക പ്രദർശനത്തിന്റെ ഭാഗമായി 100ലധികം സ്റ്റാളുകൾ പ്രദർശന നഗരിയിൽ സജ്ജമാക്കിയിട്ടുണ്ട്.

പ്രദർശന നഗരിയുടെ ഉദ്ഘാടനം ബഹു. ദേവസ്വം- പട്ടികജാതി വികസന വകുപ്പുമന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ കൃഷി വകുപ്പ് മന്ത്രി ശ്രീ. പി. പ്രസാദിന്റെ സാന്നിധ്യത്തിൽ നിർവഹിച്ചു. ആലപ്പുഴ എംഎൽഎ ശ്രീ. പി.പി. ചിത്തരഞ്ജൻ, കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.ജി. മോഹനൻ, കൃഷിവകുപ്പ് ഡയറക്ടർ ശ്രീമതി. അഞ്ജു കെ എസ് ഐഎഎസ്, സെന്റ് മൈക്കിൾസ് കോളേജ് മാനേജർ റവ. ഫാ.നെൽസൺ തൈപ്പറമ്പിൽ തുടങ്ങിയവർ സന്നിഹിതരായിരുന്നു.

കരപ്പുറത്തിന്റെ കൃഷിയും കാർഷികപ്പെരുമയും സംസ്കാരവും വിളിച്ചോതുന്ന തീം സ്റ്റാളിലൂടെയാണ് പ്രദർശന നഗരിയിലേക്ക് ജനങ്ങൾ കടന്നു ചെല്ലുന്നത്. കടലും കായലും നിത്യ ജീവിതത്തിന്റെ ഭാഗമാക്കി മാറ്റിയ കരപ്പുറത്തിന്റെ കാർഷിക ജനതയുടെ നേർക്കാഴ്ച ഈ സ്റ്റാളിലൂടെ സന്ദർശകർക്ക് കാണാൻ കഴിഞ്ഞു. ചേർത്തലയുടെ ചരിത്രം പൊതുജനങ്ങൾക്ക് പകർന്നു നൽകുന്ന ഒരു ഗാലറി തന്നെ ഇവിടെ ഒരുക്കിയിരുന്നു. ഇട്ടി അച്യുതൻ വൈദ്യർ, ഉഴുത്തുമ്മൽ കിട്ടൻ, വെട്ടക്കൽ കോച്ചുമാർ എന്നിവരിൽ ആരംഭിക്കുന്ന ഗാലറിയിൽ ചേർത്തലയുടെ മന്ത്രിമാരും കലാ-സാംസ്കാരിക- രാഷ്ട്രീയ മേഖലയിലെ പ്രമുഖരുടെയും ചിത്രങ്ങളും ചരിത്ര സംഭവങ്ങളും വിവരിക്കുന്നതാ. നാനാ മേഖലകളിൽ ചേർത്തലയുടെ പ്രാധാന്യം വിവരിക്കുന്നതായിരുന്നു പ്രദർശനം. ഈ ഗാലറി സന്ദർശകർക്ക് കൗതുകത്തോടൊപ്പം അറിവും പകർന്നു നൽകി.

പോർട്ടബിൾ മിനി മഷ്റൂം ഫാമിനെ പരിചയപ്പെടുത്തുന്ന സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ സ്റ്റാളിൽ ഈ നൂതന സാങ്കേതികത്വം

ചീഫ് എഡിറ്റർ - ബി.കെ. അനിൽ (i/c)
എഡിറ്റർ - ഡോ. ബിന്ദു ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - ബി.കെ. അനിൽ
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്




മനസ്സിലാക്കുവാനും, താല്പര്യമുള്ളവർക്ക് 40% സബ്സിഡിയിൽ സ്വന്തമാക്കുവാനുമുള്ള അവസരമൊരുക്കി. അതത് പ്രദേശത്തെ കാർഷികവിളകൾക്ക് പ്രാധാന്യം നൽകി പരമാവധി ഉത്പാദനത്തിന് ഉതകുന്ന തരത്തിലുള്ള സാങ്കേതിക സഹായങ്ങൾ നൽകി പലവിധമായ കൃഷികളെ ഉൾക്കൊള്ളിച്ചുകൊണ്ടുള്ള നൂതന കൃഷി പദ്ധതിയായ കൃഷിയിടാധിഷ്ഠിത സമീപന പദ്ധതിയുടെ ഒരു നേർക്കാഴ്ച സന്ദർശകർക്ക് നൽകിക്കൊണ്ട് ആലപ്പുഴ ആത്മ സ്റ്റാൾ വ്യത്യസ്തമായി.

കാർഷിക മൂല്യ വർദ്ധിത ഉത്പന്നങ്ങൾ, കരകൗശല വസ്തുക്കൾ, വിവിധ ഔഷധ അലങ്കാര സസ്യങ്ങൾ തുടങ്ങിയവ പരിചയപ്പെടുത്തുന്ന കേരള കാർഷിക സർവ്വകലാശാല സ്റ്റാളിൽ ജൈവജീവാണു വളങ്ങൾ വാങ്ങുവാനുള്ള അവസരവും ഒരുക്കി. വൈറ്റില നെല്ല് ഗവേഷണ കേന്ദ്രത്തിലെ നെല്ലിനങ്ങൾ ആയ വി ടി എൽ 1 മുതൽ 11 വരെ പരിചയപ്പെടാനും, ഭൗമസൂചിക പദവി നേടിയ ഇനങ്ങളായ തിലക്, തിലതാര, തിലറാണി, കായംകുളം 1 എന്നിവയെ അറിയുവാനും ഈ സ്റ്റാളിലൂടെ കഴിഞ്ഞു. അതോടൊപ്പം അത്യുൽപാദനശേഷിയുള്ള വിവിധ കിഴങ്ങ് വിളകളുടെ ഇനങ്ങൾ പരിചയപ്പെടുവാനുള്ള അവസരം ഐസിഎആർ കിഴങ്ങ് ഗവേഷണ കേന്ദ്രത്തിന്റെ സ്റ്റാളിലുണ്ടായിരുന്നു.

കൂൺ, ചക്ക, തേനുത്പന്നങ്ങൾ തുടങ്ങിയ ഉൽപ്പന്നങ്ങളെ പരിചയപ്പെടുന്നതിനും വാങ്ങുന്നതിനും ഉള്ള നിരവധി സ്റ്റാളുകൾ, പ്ലാസ്റ്റിക് ചെടിച്ചട്ടികൾക്ക് പകരമായി ഉപയോഗിക്കാൻ കഴിയുന്ന അഞ്ചുവർഷം വാറണ്ടിയുള്ള എച്ച്ഡിപിഇ ചട്ടികൾ ലഭിക്കുന്ന സ്റ്റാൾ, മറ്റ് ഉൽപാദന ഉപാധികൾ കുറഞ്ഞ നിരക്കിൽ ലഭ്യമാകുന്ന സ്റ്റാളുകൾ തുടങ്ങിയവ പ്രദർശനമേളയുടെ പ്രത്യേകതകളായി മാറി.

വിവിധ നഴ്സറി സ്റ്റാളുകളിൽ നിന്നും ഗുണമേന്മയുള്ള ഫലവൃക്ഷതൈകൾ, പച്ചക്കറി വിത്തുകൾ, തൈകൾ തുടങ്ങിയവ കുറഞ്ഞ വിലയിൽ ജനങ്ങൾക്ക് വാങ്ങുവാൻ കഴിഞ്ഞത് മേളയിൽ ജനത്തിരക്കേറ്റി.

കൃഷിവകുപ്പ്, മറ്റു അനുബന്ധ വകുപ്പുകളായ ക്ഷീരവികസന വകുപ്പ്, മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ്, മൃഗസംരക്ഷണ വകുപ്പ് തുടങ്ങിയവരുടെ പദ്ധതികളിൽ കർഷകർക്ക് സൗജന്യമായ ആനുകൂല്യങ്ങൾ മനസ്സിലാക്കുവാനും സ്വന്തമാക്കുവാനുമുള്ള സൗകര്യവും ഇവിടെ ഒരുക്കിയിരുന്നു. കാർഷിക ഉപകരണങ്ങൾ വിൽക്കുന്ന സ്റ്റാളുകളിൽ വിവിധയിനം കാർഷിക ഉപകരണങ്ങൾ സബ്സിഡിയോടെ വാങ്ങുന്നതിനുള്ള സൗകര്യവും ഉണ്ടായിരുന്നു. പവർ ടില്ലർ, മൈക്രോ വീഡർ, പവർ റീപ്പർ, പാഡി വീഡർ, 2 HP വരെയുള്ള പമ്പ് സെറ്റുകൾ തുടങ്ങിയ കാർഷിക ഉപകരണങ്ങൾ വ്യക്തികൾക്ക് 50% വരെ സബ്സിഡിയിലും കർഷക സംഘങ്ങൾക്ക് 80% വരെ സബ്സിഡിയിലും ഈ സ്റ്റാളുകളിൽ ഒരുക്കി.

ആലുവയിലെ സംസ്ഥാന വിത്ത് ഉൽപാദന കേന്ദ്രത്തിൽ തയ്യാറാക്കുന്ന കേരളാഗ്രോ ഉൽപ്പന്നങ്ങൾ, അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസന പദ്ധതിയിലെ വിവിധ ചെറുധാന്യ ഉൽപ്പന്നങ്ങൾ, അതിരപ്പിള്ളി ട്രൈബൽവാലി പ്രോജക്റ്റിലെ ഉൽപ്പന്നങ്ങൾ തുടങ്ങി വിവിധങ്ങളായ സർക്കാർ പ്രോജക്ടുകളിലെയും സംരംഭങ്ങളുടെയും ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്കായി ഇവിടെ ഒരുക്കിയിരിരുന്നു. കയർ ബോർഡ് ഉൽപ്പന്നങ്ങൾ 10% സബ്സിഡിയുടെ സ്വന്തമാക്കാനും ഓയിൽ പാം ഇന്ത്യയുടെയും പ്ലാന്റേഷൻ കോർപ്പറേഷന്റെയും സ്റ്റേറ്റ് ഫാർമിംഗ് കോർപ്പറേഷൻറെയും ഉൽപ്പന്നങ്ങളും ഇവിടെ ഒരുക്കിയിരുന്നു.

# ജനങ്ങൾ കാർഷിക മേഖലയിലേക്ക് കടന്നു വരുവാനുള്ള അവസരങ്ങൾ കൃഷിവകുപ്പ് സൃഷ്ടിക്കുന്നു: ബഹു. മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ




ജനങ്ങൾ കൃഷിയിലേക്കും കാർഷിക പ്രവർത്തനങ്ങളിലേക്കും കടന്നുവരുന്നതിനുള്ള പ്രവർത്തനങ്ങൾ കൃഷിമന്ത്രി ശ്രീ. പി പ്രസാദിന്റെ നേതൃത്വത്തിൽ കൃഷിവകുപ്പ് നടത്തി വരുന്നുവെന്ന് ബഹു. ദേവസ്വം- പട്ടികജാതി വികസന വകുപ്പ് മന്ത്രി ശ്രീ. കെ രാധാകൃഷ്ണൻ. ചേർത്തല മണ്ഡലത്തിൽ ബഹു. കൃഷിമന്ത്രിയുടെ നേതൃത്വത്തിൽ ആരംഭിച്ച കരപ്പുറം കാർഷിക കാഴ്ചകളുടെ ഉദ്ഘാടനം നിർവഹിച്ച് സംസാരിക്കുകയായിരുന്നു മന്ത്രി. വന്യമൃഗ ശല്യം, കാർഷിക ഉത്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില എന്നിവ ലഭിക്കുന്നതിലൂടെ കൂടുതൽ ജനങ്ങൾ കൃഷിയിലേക്ക് കടന്നു വരുമെന്നും, അതിന്റെ ഭാഗമായുള്ള പ്രവർത്തനങ്ങളാണ് ഞങ്ങളും കൃഷിയിലേക്ക് ക്യാമ്പയിനിലൂടെയും കൃഷിക്കൂട്ടങ്ങൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളിലൂടെയും സർക്കാർ ഉദ്ദേശിക്കുന്നതെന്നും മന്ത്രി പറഞ്ഞു.

ലോക ഭക്ഷ്യ ഉച്ചകോടിയിൽ ലോകത്തെ 200 കോടി ജനങ്ങൾ വിശപ്പിലേക്ക് പോകുമെന്നും, അതിനാൽ എല്ലാ രാജ്യങ്ങളും ഉത്പാദനം വർദ്ധിപ്പിക്കുവാനും ആവശ്യപ്പെട്ടിട്ടുണ്ട്. നീതി ആയോഗിന്റെ കണക്കുകൾ പ്രകാരം 52% വരെ അതിദരിദ്ര്യരുള്ള സംസ്ഥാനങ്ങൾ ഇന്ത്യയിൽ ഉണ്ടെന്നിരിക്കെ, കേരളത്തിൽ അതിദരിദ്രർ 0.7% മാത്രമാണ്. കാർഷിക മേഖലയിലെ ഇടപെടലുകൾ ഉൾപ്പെടെ വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ ഇവരെയും അതിദാരിദ്ര്യത്തിൽ നിന്ന് മോചിപ്പിക്കുമെന്നും മന്ത്രി പറഞ്ഞു. കരപ്പുറം കാർഷിക കാഴ്ചകളുടെ ഭാഗമായി ഒരുക്കിയ നൂറോളം പ്രദർശനസ്റ്റാളുകളുടെ ഉദ്ഘാടനവും മന്ത്രി ശ്രീ. കെ. രാധാകൃഷ്ണൻ നിർവഹിച്ചു.

ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ ആരംഭിച്ച കരപ്പുറം കാർഷിക കാഴ്ചകളുടെ ഉദ്ഘാടന സമ്മേളന യോഗത്തിൽ കൃഷിമന്ത്രി ശ്രീ. പി. പ്രസാദ് അധ്യക്ഷനായി.

ദേശീയതലത്തിൽ കാർഷിക മേഖലയിലെ വളർച്ച നിരക്ക് താഴേക്ക് പോകുമ്പോൾ, കേരളത്തിലെ കാർഷിക മേഖല വളർച്ചയുടെ പാതയിലാണെന്നും മുൻവർഷത്തെ അപേക്ഷിച്ച് 4.64% വളർച്ച കൈവരിക്കാൻ സാധിച്ചുവെന്നും മന്ത്രി പറഞ്ഞു. കൂടുതൽ ജനങ്ങളെ കൃഷിയിലേക്ക് ആകർഷിച്ചുകൊണ്ട് വിവിധങ്ങളായ പ്രവർത്തനങ്ങളിലൂടെ കാർഷിക മേഖലയിൽ നവീന ആശയങ്ങൾ സൃഷ്ടിക്കാനാണ് കൃഷിവകുപ്പ് ശ്രമിക്കുന്നത്. ഞങ്ങളും കൃഷിയിലേക്ക് ക്യാമ്പയിന്റെ ഭാഗമായി 22000ത്തിലധികം കൃഷിക്കൂട്ടങ്ങൾ രൂപീകരിക്കുകയും, 10760 ഫാം പ്ലാനുകൾ തയ്യാറാക്കുകയും ചെയ്തു. കാർഷിക മേഖലയിൽ ഉത്പാദനം വർദ്ധിക്കുമ്പോൾ ഉത്പ്പന്നങ്ങൾക്ക് മികച്ച വില ലഭിക്കുന്ന വിപണി കണ്ടെത്തുവാൻ മൂല്യ വർദ്ധനവ് അടിസ്ഥാനമാക്കി നിരവധിയായ പ്രവർത്തനങ്ങൾക്ക് കൃഷിവകുപ്പ് നേതൃത്വം നൽകുകയാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. മൂല്യവർദ്ധിത മേഖലയിൽ 1000 കൃഷിക്കൂട്ടങ്ങളുടെയും സേവനമേഖലയിൽ 200 കൃഷിക്കൂട്ടങ്ങളുടെയും പ്രവർത്തനം ആരംഭിച്ചുവെന്നും, ഉത്പന്നങ്ങൾക്ക് വിപണി സാധ്യത കണ്ടെത്തുന്നതിന്റെ ഭാഗമായി കേരളാഗ്രോ ബ്രാൻഡിൽ ഓൺലൈനിൽ കൃഷി വകുപ്പിന്റെ 131 ഉത്പന്നങ്ങൾ എത്തിച്ചുവെന്നും മന്ത്രി പറഞ്ഞു.

ഒരു കൃഷിഭവൻ ഒരു ഉത്പ്പന്നം എന്ന തരത്തിൽ ലക്ഷ്യമിട്ടുവെങ്കിലും പല കൃഷിഭവനുകളിലും ഒന്നിലധികം ഉത്പ്പന്നങ്ങൾ തയ്യാറായെന്നും മന്ത്രി അറിയിച്ചു. കരപ്പുറത്തുനിന്നും 50ലധികം ഉത്പ്പന്നങ്ങൾ ഉണ്ടാകട്ടെയെന്നും മന്ത്രി പ്രത്യാശിച്ചു.

ചടങ്ങിൽ സോയിൽ ഫെർട്ടിലിറ്റി മാപ്പിന്റെ പ്രകാശനം ആലപ്പുഴ എംപി ശ്രീ. എ.എം. ആരിഫ് നിർവഹിച്ചു. ആലപ്പുഴ എംഎൽഎ ശ്രീ. പി. പി. ചിത്തരഞ്ജൻ മുഖ്യാതിഥിയായി.

മുതിർന്ന കർഷകൻ ശ്രീ.

ശേഖരൻ മറ്റപറമ്പിലിനെ വേദിയിൽ ആദരിച്ചു.

കരപ്പുറത്തിന്റെ സാംസ്കാരിക പാരമ്പര്യം വിളിച്ചോതി നാട്ടുണർത്തിയ വിളംബര ഘോഷയാത്രയിലൂടെയാണ് കാർഷിക കാഴ്ചകൾ തുടക്കമായത്. 10 ദിവസം നീണ്ടുനിന്ന കാർഷിക പരിപാടികൾക്ക് പ്രൗഢോജ്ജ്വലമായ തുടക്കം സമ്മാനിച്ച ഘോഷയാത്രയിൽ കരപ്പുറത്തിന്റെ വിവിധ കലാ-സാംസ്കാരിക-കായിക മേഖലയിലെ പ്രവർത്തകർ അണിനിരന്നു.

പൊതു സമ്മേളനത്തിൽ കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് ശ്രീ. ജെയിംസ് ചെങ്കുതറ, സെന്റ് മൈക്കിൾസ് കോളേജ് മാനേജർ റവ. ഫാ. നെൽസൺ തൈപ്പറമ്പിൽ എന്നിവർ സംസാരിച്ചു. ചടങ്ങിൽ കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. വി.ജി. മോഹനൻ സ്വാഗതവും കൃഷി വകുപ്പ് ഡയറക്ടർ അഞ്ജു കെ എസ് ഐഎഎസ് നന്ദിയും പറഞ്ഞു. ജനപ്രതിനിധികൾ, കർഷകർ, കൃഷി ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# കോടി രൂപയുടെ വ്യാപാര കരാറുകൾ ഒപ്പുവെച്ച് കരപ്പുറം കാർഷിക ബിസിനസ് മീറ്റ്



കരപ്പുറം കാർഷിക കാഴ്ചകളുടെ ഭാഗമായി ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഓഡിറ്റോറിയത്തിൽ സംഘടിപ്പിച്ച B2B മീറ്റിൽ 1.14 കോടി രൂപയുടെ വ്യാപാര കരാറുകൾ ഒപ്പുവച്ചു.

കാർഷിക സംരംഭങ്ങൾക്ക് വേണ്ടിയും വ്യവസായ സംരംഭങ്ങൾക്ക് വേണ്ടിയും ആലപ്പുഴ ജില്ലയിൽ മുഖാമുഖം നടത്തിയ രണ്ടാമത്തെ ബിസിനസ് (ബി2ബി) മീറ്റ് ബഹു. ആലപ്പുഴ എംപി ശ്രീ. എ എം ആരിഫ് ഉദ്ഘാടനം ചെയ്തു. കാർഷിക ഉൽപ്പന്നങ്ങളുടെ വിപണന സാധ്യത ഉയർത്തുന്നതിനും കർഷകരുടെ ആശയങ്ങൾ വിപുലീകരിക്കുന്നതിനും B2B മീറ്റിന് കഴിയുമെന്ന് എം. പി അഭിപ്രായപ്പെട്ടു. കർഷകർക്ക് ന്യായമായ വില ഉറപ്പുവരുത്തുകയാണ് ഈ മീറ്റിന്റെ ലക്ഷ്യം എന്നും മാർക്കറ്റിങ്ങിന്റെ അനന്തമായ സാധ്യതകൾ നമ്മുടെ കർഷകർക്കും കർഷക ഗ്രൂപ്പുകൾക്കും പ്രയോജനകരമാകുന്ന രീതിയിൽ മാറ്റിയെടുക്കുകയാണ് ഈ മീറ്റിന്റെ ലക്ഷ്യമെന്നും അദ്ദേഹം പറഞ്ഞു.

മീറ്റിൽ ഒപ്പുവച്ച വ്യാപാര കരാറുകളിൽ പച്ചക്കറികൾ 54.61 ലക്ഷം, സുഗന്ധവ്യഞ്ജനങ്ങൾ 31.91 ലക്ഷം, വാഴപ്പഴം 9.6 ലക്ഷം, നാളികേരം 3.84 ലക്ഷം, ചക്ക ഉത്പന്നങ്ങൾ 4.65 ലക്ഷം, ഔഷധ സസ്യഉത്പന്നങ്ങൾ 2.8 ലക്ഷം, നെല്ല് ഉത്പന്നങ്ങൾ 3.76 ലക്ഷം, മറ്റു കാർഷിക മൂല്യവർധിത ഉൽപ്പന്നങ്ങൾ 3.13 ലക്ഷം എന്നിവ ഉൾപ്പെടും.

കാർഷിക ഉത്പാദകർക്കും വ്യവ

സായ സംരംഭകർക്കും ഒത്തു ചേരാനും സംവദിക്കാനും കരപ്പുറം കാർഷിക കാഴ്ചകളുടെ ബി2ബി മീറ്റ് വേദിയിലൂടെ സാധ്യമായി. പരിപാടിയോടനുബന്ധിച്ച് ഉത്പാദകർ/ സംരംഭകർക്കും (സെല്ലേഴ്സ്), വ്യവസായ/സംഭരണ സംരംഭകർക്കും (ബയേഴ്സ്) രജിസ്റ്റർ ചെയ്യുന്നതിനുള്ള സൗകര്യം ലഭ്യമാക്കിയിരുന്നു. പരിപാടിയിൽ പങ്കെടുക്കുന്നതിനായി 38 സെല്ലേഴ്സും, 17 ബയേഴ്സുമാണ് രജിസ്ട്രേഷൻ പൂർത്തീകരിച്ചത്.

കർഷകർ, കൃഷിക്കൂട്ടങ്ങൾ, കാർഷികോത്പാദക സംഘടനകൾ, സംരംഭകർ തുടങ്ങിയവർക്ക് തങ്ങളുടെ ഉത്പന്നങ്ങൾ പ്രദർശിപ്പിക്കുന്നതിനും പരിചയപ്പെടുത്തുന്നതിനും അവസരം ഒരുക്കുന്നതോടൊപ്പം കർഷകരുടെ പരമാവധി ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനും, ബയേഴ്സുമായി ഉടമ്പടികളിൽ ഏർപ്പെടുന്നതിനും ബി2ബി വേദിയിലൂടെ അവസരം സൃഷ്ടിച്ചു. പ്രധാനമായും നാളികേരം, സുഗന്ധ വ്യഞ്ജനങ്ങൾ, വാഴപ്പഴം, ധാന്യങ്ങൾ, ചക്ക ഉത്പന്നങ്ങൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയ ഉത്പന്നങ്ങളാണ് പ്രദർശിപ്പിച്ചത്.

സംരംഭകരിൽ നിന്നും ഉത്പന്നങ്ങൾ വാങ്ങുന്നതിനായി മൊത്തക്കച്ചവടക്കാർ, എക്സ്പൊട്ടേഴ്സ് , കർഷക ഗ്രൂപ്പുകൾ, മൂല്യവർധിത സംരംഭകർ തുടങ്ങിയവർ ബയേഴ്സ് ആയി പങ്കെടുത്തു.

ചേർത്തല അർബൻ ബാങ്ക് പ്രസിഡന്റ് എൻ ആർ ബാബുരാജ് അധ്യക്ഷനായ ചടങ്ങിൽ B2B സബ്ക മ്മറ്റി വൈസ് ചെയർമാൻ ശ്രീ. പി.ഡി ബിജു, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇൻ ചാർജ് ശ്രീമതി. ഷീന ടി. സി, അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. സിന്ധു കെ എന്നിവർ പങ്കെടുത്തു.

ഒപ്പം, പ്രദർശന നഗരിയിലെ വേദിയിൽ ചെറു ധാന്യങ്ങളുടെ കൃഷിയും സംസ്കരണ സാധ്യതകളും എന്ന വിഷയത്തിൽ സെമിനാർ സംഘടിപ്പിച്ചു. ഹൈദരാബാദ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചിലെ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ദയാകർ റാവു ക്ലാസ് നയിച്ചു. തുടർന്ന് ചെറുധാന്യങ്ങളുടെ സംരംഭകത്വ സാദ്ധ്യതകൾ എന്ന വിഷയത്തിൽ ടി ബി ഐ സി പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. വേണ ഗോപാൽ, കേരളത്തിലെ മില്ലറ്റ് കൃഷി അനുഭവങ്ങൾ എന്ന വിഷയത്തിൽ അഗളി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. ലതാ ശർമ എന്നിവരും ക്ലാസ്സ് നയിച്ചു.



ജാർഖണ്ഡ് കൃഷി മൃഗസംരക്ഷണ സഹകരണ വകുപ്പ് മന്ത്രി ശ്രീ. ബാദൽ പത്രലേഖ് കരപ്പുറം കാർഷിക കാഴ്ചകളുടെ പ്രദർശന നഗരി സന്ദർശിക്കുന്നു.

# കവിതയുടെ വിത്ത് പാകിയ കാർഷിക മേള: ശ്രീ. വയലാർ ശരത് ചന്ദ്ര വർമ്മ

കരപ്പുറത്ത് കവിതയുടെ വിത്തുപാകിയ ഒരു കാർഷികമേളയാണ് കരപ്പുറം കാർഷികമേള എന്ന് ശ്രീ. വയലാർ ശരത്ചന്ദ്ര വർമ്മ പറഞ്ഞു. പഴയകാല കരപ്പുറത്തെ കൂടുതൽ അറിയുവാനും ചേർത്തലയുടെ ചരിത്രം പുതിയ ഒരു അനുഭവമാണെന്നും അദ്ദേഹം പറഞ്ഞു. ചേർത്തല സെന്റ് മൈക്കിൾസ് കോളേജിലെ കരപ്പുറം കാർഷികമേള പ്രദർശനം സന്ദർശിക്കുകയായിരുന്നു അദ്ദേഹം.

കരപ്പുറം കാർഷിക കാഴ്ചകളുടെ ഭാഗമായി സെന്റ് മൈക്കിൾസ് കോളേജ് പ്രദർശന നഗരിയിലെ പ്രധാനവേദിയിൽ കരപ്പുറത്തിന്റെ കാർഷിക സംസ്കൃതി എന്ന വിഷയത്തിൽ മാധ്യമപ്രവർത്തകനായ ശ്രീ. സാജു ചേലങ്ങാട്ടും സുസ്ഥിരവികസനത്തിന് സംയോജിത കൃഷി എന്ന വിഷയത്തിൽ അന്താരാഷ്ട്ര കായൽ കൃഷി ഗവേഷണ കേന്ദ്രം ഡയറക്ടർ ഡോ പത്മകുമാർ കെജി യും സെമിനാറുകൾ അവതരിപ്പിച്ചു. ചേർത്തല മുനിസിപ്പാലിറ്റി കൗൺസിലർ ശ്രീ. പി ഉണ്ണികൃഷ്ണൻ ഉദ്ഘാടനം ചെയ്തു. ചടങ്ങിൽ തണ്ണീർമുക്കം ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീ. പ്രവീൺ ജി പണിക്കർ, പ്രിൻസിപ്പൽ ജില്ലാ കൃഷി ഓഫീസർ ഇൻ ചാർജ് ശ്രീമതി. ഷീന റ്റി. സി, സംസ്ഥാന കാർഷിക വില നിർണയ ബോർഡ് ചെയർമാൻ ഡോ പി രാജശേഖരൻ, സെമിനാർ കോഡിനേറ്റർ ശ്രീമതി. സ്മിത, റിട്ട ഡിജിപി ശ്രീ. ഹോർമിസ് തരകൻ എന്നിവർ പങ്കെടുത്തു.



# കരപ്പുറം കാർഷിക കാഴ്ചകൾ :
## ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശിച്ചു

കൃഷി വകുപ്പ് മന്ത്രി നയിക്കുന്ന കരപ്പുറം കാർഷിക കാഴ്ചകളുടെ ഭാഗമായി ഉന്നത കൃഷി ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ കൃഷി- അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ സന്ദർശനം നടത്തി. ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് അങ്കണത്തിൽ നിന്നും രാവിലെ 09.30 ന് കൃഷിയിട സന്ദർശനം ആരംഭിച്ചു. കാർഷിക വില നിർണ്ണയ ബോർഡ് ചെയർമാൻ ഡോ. പി. രാജശേഖരൻ ഫ്ലാഗ് ഓഫ് ചെയ്തു. വിള അധിഷ്ഠിത കൃഷിയിൽ നിന്നും മാറി കൃഷിയിടത്തെ അടിസ്ഥാനമാക്കി കൃഷി ചെയ്യുകയും കർഷകന് വരുമാനം വർദ്ധനവിനുള്ള സാഹചര്യം ഒരുക്കുകയും ഒപ്പം കർഷകന്റെ കൃഷി സംബന്ധമായ പ്രശ്നങ്ങൾക്ക് പരിഹാര നിർദ്ദേശങ്ങൾ നൽകുക എന്നുമാണ് കൃഷിയിട സന്ദർശനങ്ങളിലൂടെ



ലക്ഷ്യമിടുന്നത്. ചേർത്തല മണ്ഡലത്തിലെ 8 പഞ്ചായത്തുകളിലെ 80 ലിധകം കൃഷിയിടത്തെ അടിസ്ഥാനമാക്കിയുള്ള കൃഷിയിടങ്ങളിലും മറ്റ് മാതൃകാ കൃഷിയിടങ്ങളുമാണ് സന്ദർശിച്ചത്. ഓരോ കൃഷിഭവൻ പരിധിയിലും ഉദ്യോഗസ്ഥരുടെ 3 ടീമുകളാണ് സന്ദർശനം നടത്തിയത്. ഓരോ ടീമിലും കൃഷി-അനുബന്ധ വകുപ്പ് ഉദ്യോഗസ്ഥരെ കൂടാതെ കാർഷിക സർവ്വകലാശാലയിൽ നിന്നുള്ള സയന്റിസ്റ്റുകളും ഉണ്ടായിരുന്നു. 150-ഓളം കൃഷി ഉദ്യോഗസ്ഥരും, കാർഷിക വിദഗ്ധരുമാണ് സന്ദർശനം നടത്തിയത്.

പ്രദർശന നഗരിയിലെ പ്രധാന വേദിയിൽ രാവിലെ പഴം പച്ചക്കറി വിളകളിലെ മൂല്യ വർധിത ഉൽപ്പന്നങ്ങളുടെ സാധ്യതകൾ എന്ന വിഷയത്തിൽ കെ വി കെ കായംകുളം സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് ശ്രീമതി. ജിസി ജോർജ്ജും കരപ്പുറത്തിന് യോജിച്ച നാളികേര പരിപാലനം മുറകൾ എന്ന വിഷയത്തിൽ കായംകുളം കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ.അബ്ദുൽ ഹാരിസും കാർഷിക സെമിനാറുകൾ അവതരിപ്പിച്ചു. സാംസ്കാരിക പ്രവർത്തക ക്ഷേമനിധി ബോർഡ് അംഗം അനൂപ് ചന്ദ്രൻ ഉദ്ഘാടനം ചെയ്തു. കടക്കരപ്പള്ളി ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ് ശ്രീമതി. സതി അനിൽകുമാർ, കൃഷി അഡീഷണൽ സെക്രട്ടറി ശ്രീ. സാബിർ ഹുസൈൻ, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇൻ ചാർജ് ശ്രീമതി. ഷീന ടി സി, അഡീഷണൽ പ്രൈവറ്റ് സെക്രട്ടറി ശ്രീ. അരുൺകുമാർ സി.എ എന്നിവർ പങ്കെടുത്തു. ഉച്ചയ്ക്ക് ശേഷം പെയിന്റിംഗ് മത്സരം നടന്നു. വൈകിട്ട് കടക്കരപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ വിവിധ കലാപരിപാടികൾ ഉണ്ടായിരുന്നു.



# കാർഷിക സെമിനാറുകളും കലാപരിപാടികളും സംഘടിപ്പിച്ചു

കരപ്പുറം കാർഷിക കാഴ്ചകളുടെ പ്രദർശന നഗരിയിലെ പ്രധാന വേദിയിൽ സ്ത്രീ ശാക്തീകരണം കാർഷിക മേഖലയിൽ എന്ന വിഷയത്തിൽ മൂവാറ്റുപുഴ കൃഷി അസിസ്റ്റന്റ് ഡയറക്ടർ ശ്രീമതി. റ്റാനി തോമസും കാർഷിക മേഖലയിലെ സ്ത്രീ സൗഹൃദ സംരംഭകത്വ സാധ്യതകൾ എന്ന വിഷയത്തിൽ കോട്ടയം കെവികെ ഹെഡും അസോസിയേറ്റ് പ്രൊഫസറുമായ ഡോ. ജി ജയലക്ഷ്മിയും കാർഷിക സെമിനാറുകൾ അവതരിപ്പിച്ചു. സ്ത്രീ സംരംഭകരായ എരമല്ലൂർ ക്ലൂൺ ഫ്രഷ് ഉടമ ശ്രീമതി. ഷൈജി വർഗീസും ഹരിപ്പാട് പ്രകൃതി ജൈവ കലവറ ഉടമ ശ്രീമതി. വാണി വിയും അവരുടെ അനുഭവങ്ങൾ കർഷകരുമായി പങ്കുവെച്ചു. വനിതാ കമ്മീഷൻ അംഗം വി ആർ മഹിളാമണി സെമിനാർ ഉദ്ഘാടനം ചെയ്തു. ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് സി.ഡി.എസ് ചെയർപേഴ്സൺ ശ്രീമതി.



ആലീസ് വിജയൻ കാട്ടിപ്പറമ്പിൽ, ആത്മ പ്രോജക്ട് ഡയറക്ടർ ശ്രീമതി. അനിതകുമാരി വി, പ്രിൻസിപ്പൽ കൃഷി ഓഫീസർ ഇൻ ചാർജ് ശ്രീമതി. ഷീന ടി സി, കൃഷി ഡെപ്യൂട്ടി ഡയറക്ടർ ശ്രീമതി. സ്മിത ബി, അസിസ്റ്റന്റ് ഡയറക്ടർ ശ്രീ. റെജി വിജി എന്നിവർ പങ്കെടുത്തു. ഉച്ചയ്ക്ക് വേദിയിൽ നാടൻ പാട്ട് മത്സരവും വൈകിട്ട് ചേർത്തല തെക്ക് ഗ്രാമപഞ്ചായത്ത് അവതരിപ്പിച്ച കലാപരിപാടികളും നാടൻ പാട്ടും ആട്ടവും ഉണ്ടായിരുന്നു.



ചേർത്തല സെന്റ് മൈക്കിൾസ് കോളേജ് ഗ്രൗണ്ടിൽ നടക്കുന്ന കരപ്പുറം കൃഷി കാഴ്ചകളുടെ ഭാഗമായുള്ള ചേർത്തലയുടെ ചരിത്രം പ്രദർശനം കാണുന്നവർ

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh